# Kerala Catholic Bishops' Council
## (KCBC)

Secretariat Kerala Catholic Bishops' Council, Pastoral Orientation Centre
P.B. No. 2251, Palarivattom, Kochi-682025, Kerala, India
Tel: 0484-2805722, 2805815, Fax: 0484-2806214, E-mail: kcbckochi@gmail.com

30.12.2008

All Kerala Press Release

***Ref:*** *210/KCBC/K-6/KPR/DS*

## ജനുവരി ഒന്നിന് കത്തോലിക്കാ ദൈവാലയങ്ങളിൽ ഭീകരവാദവിരുദ്ധ പ്രതിജ്ഞ

കൊച്ചി: 2009 ജനുവരി ഒന്ന് കേരള കത്തോലിക്കാസഭ ഭീകരവാദവിരുദ്ധ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ദൈവാലയങ്ങളിലെ തിരുക്കർമ്മങ്ങളെ തുടർന്ന് ഭീകരവാദ വിരുദ്ധപ്രതിജ്ഞ വിശ്വാസികൾ ചൊല്ലുകയും ദേശസ്നേഹം പ്രഖ്യാപിക്കുകയും ചെയ്യും. സീറോമലബാർ, ലത്തീൻ, സീറോമലങ്കര സഭകളിലെ ദൈവാലയങ്ങളിൽ ഭീകരവാദവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തും. ഭാരതത്തിൽ ഭീകരവാദ ആക്രമണങ്ങളിൽ മരണമടഞ്ഞവരുടെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കും. ജനുവരി ഒന്നിന് പ്രവർത്തിക്കുന്ന ആശുപത്രികൾപോലുള്ള കത്തോലിക്കാ സഭയുടെ എല്ലാ സ്ഥാപനങ്ങ ളിലും ഭീകരവാദ വിരുദ്ധ പ്രതിജ്ഞയെടുക്കും. ഭാരതത്തിൽ ഭീകരവാദ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിലും ബോംബെയിൽ ഭീകര ആക്രമണങ്ങൾ നടന്ന സാഹചര്യത്തിലും ആഗോള കത്തോലിക്കാ സഭ പുതുവർഷത്തിലെ പ്രഥമദിനം ലോകസമാധാനദിനമായി ആചരിക്കുന്നതിനോടനുബന്ധിച്ചുമാണ് 2009 ജനുവരി 1-ന് ഭീകരവാദ വിരുദ്ധദിനമായി ആചരിക്കുവാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി തീരുമാനിച്ചത്. സൺഡേ സ്കൂളുകളിലൂടെയും ക്രൈസ്തവ വിദ്യാലയങ്ങളിലൂടെയും ദേശസ്നേഹം വളർന്നുവരുന്ന തലമുറയിൽ രൂപപ്പെടുത്താൻ ഉതകുന്ന പരിപാടികൾ നടപ്പിലാക്കാനും കേരള കത്തോലിക്കാ സഭ തീരുമാനിച്ചിട്ടുണ്ട്. ഭാരതത്തിൽ നടന്നു കൊണ്ടിരി ക്കുന്ന ഭീകരവാദ പ്രവർത്തനങ്ങളുടെ പേരിൽ ഒരു പ്രത്യേക സമൂദായത്തെ കുറ്റപ്പെടുത്തുന്നത് ശരിയല്ലയെന്ന് കെ.സി.ബി.സി. നേരത്തെ അഭിപ്രായപ്പെട്ടിരുന്നു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
ARCHBISHOP MOST REV. DR. DANIEL ACHARUPARAMBIL
Latin Archbisop's House
P.B. No. 2581, Kochi-682031
Ph: 0484-2372892, 2380474
Fax: 0484-2360911
E-mail: vpoly@vsnl.com

VICE-PRESIDENT
BISHOP DR. JOSHUA MAR IGNATHIOS
Amalagiri Catholic Bishop's House
St. Mary's Malankara Catholic Cathedral
Punnamoodu, Mavelikara-690 101
Ph: 0479 2344081,2344082
Fax 0479 2344083
E-mail: marignathios@yahoo.co.in

SECRETARY
ARCHBISHOP MAR ANDREWS THAZHATH
Archbishop's House
Trichur-680005
Ph: 0487-2333325, 2338203
Fax: 0487-2338204
E-mail: athazhath@hotmail.com

DEPUTY SECRETARY
DR. STEPHEN ALATHARA
Pastoral Orientation Centre
Palarivattom, Kochi-682 025
Ph: 0484-2805722, 2805815
Fax: 0484-2806214
E-mail: stephenalathara@hotmail.com